# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **4032** — **24/8/2017** -ലെ മറുപടി

## ഗ്രാമവാസികൾക്ക് സുരക്ഷിത കുടിവെള്ളം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പ്രദീപ് കുമാർ<br>ശ്രീ. ഐ.ബി.സതീഷ്<br>ശ്രീ. പി.ഉണ്ണി<br>പ്രൊഫ. കെ.യു.അരുണൻ | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഗ്രാമവാസികൾക്ക് സുരക്ഷിത കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) കേരളത്തിലെ ഗ്രാമീണമേഖലയിലെ ജനങ്ങൾക്ക് സുരക്ഷിത കുടിവെള്ളം എത്തിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെയും നബാർഡ് ഉൾപ്പെടെയുള്ള ധനകാര്യ ഏജൻസികളുടെയും സാമ്പത്തിക സഹായത്തോടെയുമാണ് പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങൾക്കും; കുടിവെള്ള ഗുണനിലവാര പ്രശ്നങ്ങൾ നിലവിലുള്ള പ്രദേശങ്ങൾക്കും മുൻഗണന നൽകിയാണ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. ഇത്തരത്തിൽ മുൻഗണനാക്രമത്തിന്റെ അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യുന്ന പദ്ധതികൾക്ക് ആവശ്യമായ സ്ഥലലഭ്യത ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉറപ്പാക്കിയതിനാശേഷം പദ്ധതിരൂപരേഖ തയ്യാറാക്കി അനുയോജ്യമായ ഫണ്ടിങ് ഏജൻസിയിൽ സമർപ്പിച്ചാണ് പദ്ധതികൾക്ക് കേരള വാട്ടർ അതോറിറ്റി അംഗീകാരം ലഭ്യമാക്കുന്നത്.<br><br>കേന്ദ്ര സഹായം കൂടി ഉൾപ്പെടുത്തി നടത്തിവരികയായിരുന്ന NRDWP പദ്ധതികളിൽ കേന്ദ്രത്തിന്റെ വിഹിതം ഗണ്യമായി കുറച്ചത് ഗ്രാമീണ മേഖലയിൽ നടപ്പാക്കുവാൻ ലക്ഷ്യമിട്ടിരുന്ന പദ്ധതികൾക്ക് |

തിരിച്ചറിയായിട്ടുണ്ട്. നിലവിലുള്ള പദ്ധതികളിൽ നിന്നും വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി കേരളാ വാട്ടർ അതോറിറ്റിയുടെ കീഴിൽ എല്ലാ ജില്ലകളിലും ഓരോ ജില്ലാ ലാബുകളും 33 സബ് ഡിവിഷണൽ ലാബുകളും എറണാകുളം ജില്ലയിൽ സ്റ്റേറ്റ് ലാബും പ്രവർത്തിച്ചു വരുന്നു. ഈ ലാബുകളിൽ കുടിവെള്ളത്തിന്റെ ഉല്പാദനത്തിന്റേയും വിതരണത്തിന്റേയും ഗുണനിലവാരം വിവിധ ഘട്ടങ്ങളിൽ പരിശോധിച്ച് ഉറപ്പു വരുത്തുന്നു.

കുടിവെള്ളക്ഷാമം നേരിടുന്ന ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമനിവാസികൾക്ക് സുസ്ഥിരവും ഗുണമേന്മയേറിയതുമായ കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിന് ലോകബാങ്ക് ധനസഹായത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന ജലനിധി പദ്ധതി കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി മുഖാന്തിരമാണ് നടത്തിവരുന്നത്. പദ്ധതികളുടെ ജലസ്രോതസ്സുകളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന്, ജലസംരക്ഷണം, ഭൂജല പരിപോഷണം എന്നീ പ്രവർത്തനങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നു.

(ബി) ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) അംഗീകാരം ലഭിക്കുന്ന പദ്ധതികളുടെ നിർവ്വഹണം വിവിധതലങ്ങളിൽ നിരന്തരം വിലയിരുത്തി ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിച്ചു വരുന്നുണ്ട്. ഇതിനായി കേരള ജല അതോറിറ്റി വിവിധതലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തുകയും വിശദമായ പുരോഗതി റിപ്പോർട്ട് തയ്യാറാക്കി സർക്കാരിനും ഫണ്ടിങ് ഏജൻസികൾക്കും സമർപ്പിക്കുന്നുണ്ട്. ഇതിനായി വീഡിയോ കോൺഫറൻസ് ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങളും ഉപയോഗപ്പെടുത്തുന്നുണ്ട്. ഇതിനു പുറമേ സർക്കാർ തലത്തിലും/ എം.എൽ.എ./എം.പി. എന്നിവരുടെ നേതൃത്വത്തിലും അവലോകന യോഗങ്ങൾ കൂടി നിർവ്വഹണത്തിലെ പ്രശ്നങ്ങൾക്ക്

പരിഹാരം കാണാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

ജലനിധി പദ്ധതികൾ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന പദ്ധതികളായതുകൊണ്ട് അധിക കാലതാമസം പദ്ധതി നടത്തിപ്പിൽ വരാറില്ല. കാല വർഷ സമയത്ത് പദ്ധതി പ്രവർത്തനങ്ങൾ പൂർണ്ണ രൂപത്തിൽ നടപ്പാക്കാൻ കഴിയുന്നില്ല എന്നുള്ളതുമാത്രമാണ് സാധാരണ ഗതിയിൽ ജലനിധി പദ്ധതികൾ പഞ്ചായത്തുകളിൽ നടപ്പാക്കുന്നതിനുള്ള കാലതാമസം.

(സി) സംസ്ഥാനത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി കിഫ്ബി വഴി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ വിശദാംശം അറിയിക്കാമോ?

(സി) 2016-17-ലെ പുതുക്കിയ ബജറ്റിൽ കിഫ്ബി ധനസഹായത്തോടു കൂടി 10 മുനിസിപ്പാലിറ്റികൾക്കും, സമീപ പഞ്ചായത്തുകൾക്കുമായി പ്രഖ്യാപിച്ച പദ്ധതികൾക്ക് 909 കോടി രൂപയുടെ ഭരണാനുമതിയും വിതരണ ശൃംഖലകൾ വിപുലീകരിക്കുന്നതിനു വേണ്ടി പദ്ധതികൾക്ക് 163.1 കോടി രൂപയുടെ 8 പദ്ധതികളുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ, 2016-17-ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച 5 പുതിയ പദ്ധതികൾക്ക് 185 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. മേല്പടി പദ്ധതികളുടെ പ്രവൃത്തികൾ തുടങ്ങുന്നതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. പദ്ധതി സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

## കിഫ്ബി വഴി നടപ്പാക്കുന്ന പദ്ധതികൾ

| ക്ര. നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക കോടിയിൽ | പാക്കേജു കളുടെ എണ്ണം | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ഷൊർണ്ണൂർ മുനിസിപ്പാലിറ്റിക്കും, വാണിയംകുളം പഞ്ചായത്തിനും വേണ്ടിയുള്ള വിപുലീകരണ പദ്ധതി | 35.00 | 2 | ഒന്നാമത്തെ പാക്കേജിനു വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. എന്നാൽ GST പ്രാബല്യത്തിൽ വന്നത് കൊണ്ട് സെൻട്രൽ എക്സൈസ് ഡ്യൂട്ടിയിൽ വരുന്ന മാറ്റങ്ങളെക്കുറിച്ച് വ്യക്തത ആവശ്യപ്പെട്ട് കോൺട്രാക്ടർ എഗ്രീമെന്റ് വെക്കുവാനുള്ള സമയം നീട്ടി ചോദിച്ചിരിക്കുകയാണ്.<br>രണ്ടാമത്തെ പാക്കേജിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| 2 | തിരുവല്ല-ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള വിപുലീകരണ പദ്ധതി | 58.00 | 3 | ഒന്നാമത്തെ പാക്കേജിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരികയാണ്.<br>രണ്ടാമത്തെ പാക്കേജിനു വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. എന്നാൽ GST പ്രാബല്യത്തിൽ വന്നത് കൊണ്ട് സെൻട്രൽ എക്സൈസ് ഡ്യൂട്ടിയിൽ വരുന്ന മാറ്റങ്ങളെക്കുറിച്ച് വ്യക്തത ആവശ്യപ്പെട്ട് കോൺട്രാക്ടർ എഗ്രീമെന്റ് വെക്കുവാനുള്ള സമയം നീട്ടി ചോദിച്ചിരിക്കുകയാണ്. |
| 3 | കൊല്ലം കോർപ്പറേഷൻ രണ്ടാംഘട്ടം കുടിവെള്ള പദ്ധതി വിപുലീകരണം | 235.00 | 5 | ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു. ഭൂമി ലഭ്യമാക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. |
| 4 | കാസർഗോഡ് മുനിസിപ്പാലിറ്റിക്കും ചെമ്മനാട് പഞ്ചായത്തിനും വേണ്ടിയുള്ള കുടിവെള്ള പദ്ധതി-ഒന്നാം ഘട്ടം | 76.00 | 4 | ഒന്നാമത്തെ പാക്കേജിനു വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.<br>രണ്ടും മൂന്നും പാക്കേജുകളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരികയാണ്.<br>നാലാമത്തെ പാക്കേജിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു |
| 5 | പൊന്നാനിയ്ക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി | 74.40 | 3 | ഒന്നാമത്തെ പാക്കേജിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.രണ്ടാമത്തെ പാക്കേജിനു വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.<br>ഒന്നും രണ്ടും പാക്കേജുകളുടെ പണികൾ പുരോഗമിക്കുന്നതനുസരിച്ച് മൂന്നാം പാക്കേജ് ടെണ്ടർ വിളിക്കുന്നതാണ്. |
| 6 | കൊയിലാണ്ടി മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി | 85.00 | 3 | ഒന്നും രണ്ടും പാക്കേജുകൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. മൂന്നാം പാക്കേജിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു |
| 7 | തൊടുപുഴ മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം | 34.00 | 2 | ഒന്നാം പാക്കേജിന്റെ എഗ്രീമെന്റ് ഒപ്പു വെച്ചിട്ടുണ്ട്. |
| 8 | കോട്ടയം മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം | 50.00 | 2 | 50 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണ ശാല NRDWP -ൽ വിജയപുരം പദ്ധതിക്കു വേണ്ടി നേരത്തെ ടെണ്ടർ ചെയ്തിരുന്നു.എന്നാൽ ഇതുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ തുടർനടപടികൾക്ക് അന്തിമ വിധിന്യായം വരേണ്ടതുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | അതിനുശേഷം മാത്രമേ കിഫ്ബി പദ്ധതിയുടെ പണികൾ തുടങ്ങുവാൻ സാധിക്കുകയുള്ളൂ. |
| 9. | തൃശ്ശൂർ കോർപ്പറേഷനും സമീപ പഞ്ചായത്തു കൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി ഒന്നാം ഘട്ടം | 185.00 | 4 | ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. |
| 10 | കണ്ണൂർ-ഇരിട്ടി മുനിസിപ്പാലിറ്റികൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി | 76.60 | 4 | ഒന്നും രണ്ടും പാക്കേജുകൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. മൂന്നും നാലും പാക്കേജുകളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ടി പക്കേജുകളുടെ ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. |
| 11 | ധർമ്മടം കുടിവെള്ള പദ്ധതി വിപുലീകരണം | 16.5 | 1 | ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു. |
| 12 | കോട്ടയം ഗ്രാമപഞ്ചായത്ത് (കണ്ണൂർ) കുടിവെള്ള പദ്ധതി - വിതരണശൃംഖല മെച്ചപ്പെടുത്തൽ, | 12.00 | 1 | എഗ്രിമെന്റ് ഒപ്പു വെച്ചിട്ടുണ്ട്. പണികൾ പുരോഗമിക്കുന്നു. |
| 13 | മാനന്തവാടി, എടവക, പുല്ലൂർനാട് വില്ലേജു കൾക്ക് വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ വിതരണശൃംഖല സ്ഥാപിക്കൽ, | 18.00 | 1 | വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. |
| 14 | തിരുവാലിയും സമീപ വില്ലേജുകൾക്കുമായുള്ള പദ്ധതിയുടെ വിതരണ ശൃംഖല വിപുലീകരണം, | 22.2 | 1 | വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. |
| 15 | നെന്മാറയും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം പാക്കേജ്-1 | 24.5 | 2 | ഒന്നാമത്തെ പാക്കേജിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. രണ്ടാമത്തെ പാക്കേജിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു. |
| 16 | കടമക്കുടി പഞ്ചായത്തിന്റെ വിതരണശൃംഖല മെച്ചപ്പെടുത്തൽ | 12.00 | 1 | ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു. |
| 17 | വാരാപ്പുഴ പഞ്ചായത്തിന്റെ വിതരണ ശൃംഖല മെച്ചപ്പെടുത്തൽ | 16.5 | 1 | ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു. |
| 18 | പെരുനാട്-അത്തിക്കയം വില്ലേജുകളുടെ വിതരണ ശൃംഖല മെച്ചപ്പെടുത്തൽ പാക്കേജ്-1 | 41.4 | 2 | ഒന്നാമത്തെ പാക്കേജിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് രണ്ടാമത്തെ പാക്കേജിന്റെ ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. |
| 19 | ചീക്കോട് കുടി വെള്ള പദ്ധതിയുമായി സംയോജിപ്പിച്ചുള്ള രാമനാട്ടുകര കുടിവെള്ള പദ്ധതിയുടെ മെച്ചപ്പെടുത്തൽ | 26.00 | 2 | രണ്ട് പാക്കേജിന്റെയും ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു. |

| | | | | |
|---|---|---|---|---|
| 20 | കല്ലുവാതുക്കൽ-പാരിപ്പള്ളി-വെളിനല്ലൂർ വില്ലേജുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി-ഒന്നാംഘട്ടം | 27.00 | 5 | ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു. ഭൂമി ലഭ്യമാക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. |
| 21 | അമ്പലപ്പാറ പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി പാക്കേജ് -1 | 10.00 | 1 | വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. |
| 22 | തച്ചനാട്ടുകര-അലനല്ലൂർ-കോട്ടോപാടം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി പാക്കേജ് -1 | 22.00 | 1 | വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. |
| 23 | താനൂർ മുനിസിപ്പാലിറ്റിയ്ക്കും സമീപ 4 പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി പാക്കേജ്-1 ഉം 2 ഉം | 100.00 | 3 | ഒന്നും രണ്ടും പാക്കേജിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. ഒന്നും രണ്ടും പാക്കേജുകളുടെ പണികൾ പുരോഗമിക്കുന്നതനുസരിച്ച് മൂന്നാം പാക്കേജ് ടെണ്ടർ വിളിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

JSK/